റഫ് -സി6-5492/2016

**കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി വില്ലേജിൽ കോസ്റ്റ് ഗാർഡ് അക്കാദമിയിലേക്ക് റോഡ് നിർമ്മിക്കുന്നതിന് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ദ സമിതിയുടെ ശുപാർശക്കുറിപ്പ്.**

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ കല്ല്യാശ്ശേരി വില്ലേജിൽ സ്ഥാപിക്കുന്ന ഇന്ത്യൻ കോസ്റ്റ്ഗാർഡ് അക്കാദമിയിലേക്കുള്ള ഗതാഗത സൌകര്യം സുഗമമാക്കുന്നതിനു വേണ്ടി അക്കാദമി സ്ഥലത്തിന്റെ വടക്കേ ഗേറ്റിലേക്കുള്ള നിലവിലുള്ള കപ്പക്കടവ് റോഡിന്റെ അവസാനഭാഗം വീതി കൂട്ടുന്നതിനും തെക്കുഭാഗത്തുള്ള ഗേറ്റിൽ നിന്ന് നിലവിലുള്ള റോഡിലേക്ക് സുഗമമായ ഗതാഗത സൌകര്യം ലഭ്യമാക്കുന്നതിനും വേണ്ടി പുതിയ റോഡ് നിർമ്മിക്കുന്നതിനുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംബന്ധിച്ചാണ് സാമൂഹ്യാഘാത പഠന യൂണിറ്റ് കെയ്റോസ് കണ്ണൂർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. കപ്പക്കടവ് റോഡ് വീതി കൂട്ടുന്നതിനായി കല്ല്യാശ്ശേരി വില്ലേജ് ഇരിണാവ് ദേശത്ത് റി.സ. 125/1 സി, 124/15 എന്നീ സർവ്വെ നമ്പറുകളിലും പുതിയ റോഡ് നിർമ്മിക്കുന്നതിനായി 116/2 സി എന്ന സർവ്വെ നമ്പറിലുമായി 2.22 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഈ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് വേണ്ടി കണ്ണൂർ ജില്ലാ കലക്ടറുടെ 28/04/2017 തിയ്യതിയിലെ ഡിസികെഎൻആർ/5492/2016-സി6 നമ്പർ നടപടിക്രമപ്രകാരമാണ് ഈ വിദഗ്ദ സമിതി രൂപീകരിച്ചിട്ടുള്ളത്. അതു പ്രകാരം 12/05/2017 തിയ്യതി ഈ സമിതിയുടെ പ്രഥമയോഗം ചേരുകയും തുടർന്ന് മേൽ പരാമർശിച്ച സ്ഥലങ്ങൾ പരിശോധിക്കുകയും ചെയ്തു. അപ്രകാരം കണ്ടെത്തിയ കാര്യങ്ങൾ ഇന്ന് 06-06-2017 തീയ്യതി സമിതി യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും താഴെ ചേർത്ത് പ്രകാരമുള്ള ശുപാർശ സമർപ്പിക്കുകയും ചെയ്യുന്നു.

1. അക്കാദമിയിലേക്കുള്ള രണ്ടാം ഗേറ്റിന്റെ സമീപത്തുള്ള റി.സ. 125/1 സി, 124/15 എന്നീ സർവ്വെ നമ്പറുകൾക്ക് സമീപത്തായി എം. സുരേശൻ, ചിയ്യേയി W/o. കുഞ്ഞിരാമൻ, സതീശൻ എന്നിവരുടെ വീടിന് മുൻവശത്ത് റോഡ് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കുമ്പോൾ കക്കൂസ്, സെപ്റ്റിക്ക് ടാങ്ക് എന്നിവ കൂടി ഉൾപ്പെടുകയും വീട്ടിലേക്കുള്ള മുറ്റത്തിന് ആവശ്യമായ സ്ഥലം മതിയാകാതെ വരികയും ചെയ്യുന്നുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളിൽ നിന്നും കക്കൂസ്, സെപ്റ്റിക്ക് ടാങ്ക് എന്നിവ ഉൾപ്പെടുന്ന ഭാഗത്ത് റോഡിന് ആവശ്യമായ വീതി ഉള്ളതിനാൽ ആ ഭാഗത്ത് സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ലെങ്കിൽ മേൽപ്പറഞ്ഞ ഭാഗം ഏറ്റെടുക്കുന്നതിൽനിന്നും ഒഴിവാക്കി അലൈൻമെന്റ് പുനർനിർണ്ണയിക്കാവുന്നതാണെന്നും ഈ കമ്മിറ്റി ശുപാർശ ചെയ്യുന്നു.

2. ഇവിടെ ഗേറ്റിന് സമീപത്തായിട്ടുള്ള എം.കെ. സനീറയുടെയും മറ്റുള്ളവരുടേയും വീടുകളിലേക്കുള്ള വഴിക്ക് ആവശ്യമായ സ്ഥലം വിട്ട ശേഷമേ മതിൽ കെട്ടാവൂ എന്ന് ശുപാർശ ചെയ്യുന്നു.

3. ഇവിടെത്തന്നെയുള്ള എം. ശ്രീധരൻ എന്നയാളുടെ സ്ഥലം റോഡിനു വേണ്ടി രണ്ടു വശത്തും ഏറ്റെടുക്കുമ്പോൾ അല്പം സ്ഥലം (ഏകദേശം 3 സെന്റ് വീതം) ബാക്കിയാകുമെന്നും ആ സ്ഥലം ഉപയോഗശൂന്യമായതിനാൽ അതു കൂടി ഏറ്റെടുക്കണമെന്നും സ്ഥലമുടമ

പുനർനിർണ്ണയിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ ഈ സ്ഥലങ്ങൾ ജനവാസ പ്രദേശമായതിനാൽ നിലവിലുള്ള റോഡിന് വീതി കൂട്ടുമ്പോൾ റോഡിന് വശങ്ങളിലുള്ളവർക്ക് സുഗമമായ യാത്രാ സൌകര്യം തടസ്സപ്പെടാൻ പാടില്ലെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

4. പുതുതായി റോഡ് നിർമ്മിക്കുന്നതിന് റി.സ. 116/2 ൽ സ്ഥലമേറ്റെടുക്കുമ്പോൾ മൊത്തങ്ങ പത്മനാഭൻ എന്നയാളുടെ ( വീട്ടു നമ്പർ XVII/303/ കല്ല്യാശ്ശേരി പഞ്ചായത്ത്) വീട്ടിലേക്കുള്ള വഴി ഇല്ലാതാകുന്നുണ്ട്. ഇദ്ദേഹത്തിന്റെ വീട് ഉൾപ്പെടുന്ന 10 സെന്റ് സ്ഥലം ഏറ്റെടുക്കുന്നില്ല. സാമൂഹ്യാഘാത പഠന റിപ്പോർട്ടിൽ ഈ കാര്യം പരാമർശിക്കുന്നില്ല. എന്നാൽ സ്ഥലപരിശോധനയിൽ ഇത് ബോധ്യമാകുന്നുണ്ട്. ഏറ്റെടുക്കുന്ന ഭൂമിക്ക് ചുറ്റും റിക്വിസിഷൻ അതോറിറ്റി മതിൽ കെട്ടുന്ന പക്ഷം ടിയാന് നിയമപ്രകാരമുള്ള വഴി ഉറപ്പ് വരുത്തേണ്ടതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

കോസ്റ്റ്ഗാർഡ് അക്കാദമിയിലേക്ക് നിലവിലുള്ള റോഡ് വീതി കൂട്ടേണ്ടതും പുതുതായി ഒരു റോഡ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്നും ഈആവശ്യത്തിന് മേൽ പരാമർശിച്ചതല്ലാതെ മറ്റ് ഭൂമി ലഭ്യമല്ലെന്നും കാണുന്നു. ആയതിനാൽ പകരം ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ല. ഈ ആവശ്യത്തിന് ആരേയും കുടിയൊഴിപ്പിക്കേണ്ട ആവശ്യമില്ലെന്നും ആയതിനാൽ പുനരധിവാസ പ്രശ്നമില്ലെന്നും ബോധ്യമായിട്ടുണ്ട്.

മേൽ പറഞ്ഞ 4 ശുപാർശകൾക്ക് വിധേയമായി കോസ്റ്റ് ഗാർഡ് അക്കാദമിയിലേക്കുള്ള നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിനും പുതുതായി റോഡ് നിർമ്മിക്കുന്നതിനും സ്ഥലമേറ്റെടുക്കാവുന്നതാണെന്ന് ഈ കമ്മിറ്റി ശുപാർശ ചെയ്യുന്നു.

സി.എം. മുരളീധരൻ
റിട്ട. ഡെപ്യൂട്ടി കലക്ടർ
ചെയർമാൻ, വിദഗ്ദസമിതി

ജിജി കൈപ്രത്ത്
സാമൂഹ്യ ശാസ്ത്രജ്ഞൻ

ഗോപി. എം.
~~ജിനേഷ് തോമസ്~~
സാമൂഹ്യ ശാസ്ത്രജ്ഞൻ

കെ യൂസഫ് അലി
ഡെപ്യൂട്ടി കമാൻഡന്റ്
കോസ്റ്റ് ഗാർഡ്

പടപ്പിൽ സക്കറിയ
വാർഡ് മെമ്പർ
കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്.

പി.വി.ഗൌരി
വാർഡ് മെമ്പർ
കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്.

പി. രാജൻ
റിട്ട. ഡെപ്യൂട്ടി കലക്ടർ